(ബി) 2001-2002-ൽ റവന്യൂ കമ്മിയിൽ മുൻവർഷത്തേതിൽ നിന്നും 17.20 ശതമാനം കുറവും 2002-2003-ൽ മുൻവർഷത്തേതിൽ നിന്നും 58 ശതമാനം വർദ്ധനവും ഉണ്ടായി. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം 2003-2004-ൽ മുൻവർഷത്തേതിൽ നിന്നും 8.44 ശതമാനം റവന്യൂ കമ്മിയിൽ കുറവ് ഉണ്ടായിട്ടുണ്ട്.

(സി) റവന്യൂ പിരിവ് ഊർജ്ജിതപ്പെടുത്തിയും ഉയർന്ന പലിശനിരക്കിലുണ്ടായിരുന്ന കേന്ദ്ര വായ്പകളുടെ ഗണ്യമായ ഭാഗം തിരിച്ചടയ്ക്കുന്ന ഡെപ്റ്റ് സ്വാപ്പ് പദ്ധതി പ്രകാരം പലിശയിനത്തിലുള്ള ചെലവ് കുറച്ചുകൊണ്ടും റവന്യൂ കമ്മി കുറയ്ക്കാൻ ശ്രമിച്ചുവരുന്നു.

എ.ഡി.ബി.-യിൽ നിന്നുമുള്ള രണ്ടാം ഗഡു തുക

7 [1976] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിൽ നിന്ന് രണ്ടാം ഗഡു തുകയായി എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി എ.ഡി.ബി. പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) രണ്ടാം ഗഡു വായ്പ ലഭിക്കുന്നതിന് ഭരണ നവീകരണവുമായി ബന്ധപ്പെട്ട് എ.ഡി.ബി. എന്തെങ്കിലും നിർദ്ദേശങ്ങൾ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 125 മില്യൻ ഡോളർ കേന്ദ്ര സർക്കാർ വഴി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇല്ല.

(സി) രണ്ടാം ഗഡു വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ അനുബന്ധമായി കൊടുത്തിട്ടുള്ള പോളിസി മാട്രിക്സിൽ കാണാവുന്നതാണ്.†

(ഡി) വ്യവസ്ഥകൾ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിവിധ ഏജൻസികളിൽ നിന്നും സർക്കാർ സ്വീകരിച്ചിട്ടുള്ള വായ്പ

8 [1977] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ ഏജൻസികളിൽ നിന്നും രാജ്യത്തെ വിവിധ ഏജൻസികളിൽ നിന്നും എത്ര രൂപ വായ്പ എടുത്തിട്ടുണ്ടെന്നും അവ ഏതെല്ലാം ഏജൻസികളിൽ നിന്നും എത്ര രൂപ വീതമാണെന്നും എന്തെല്ലാം ആവശ്യങ്ങൾക്കാണെന്നും തരംതിരിച്ചു വെളിപ്പെടുത്തുമോ;

(ബി) എ.ഡി.ബി.-യിൽ നിന്നും കൂടുതലായി വായ്പ എടുക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുടർവായ്പകൾ വേണ്ടെന്ന് വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം ഏതെല്ലാം സ്ഥാപനങ്ങൾക്കും പദ്ധതികൾക്കും സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ടെന്നും ഓരോന്നിനും എത്ര രൂപയുടെ ഗ്യാരന്റിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിനു വിദേശ സഹായ പദ്ധതികൾക്കായി ധനം ലഭിക്കുന്നത് കേന്ദ്ര സർക്കാർ വഴി അധിക കേന്ദ്ര സഹായമായിട്ടാണ്. സംസ്ഥാന സർക്കാരിനു നേരിട്ടു വിദേശ സഹായം ലഭിക്കുന്നില്ല. 2003-2004 വർഷത്തെ താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളു. ടി കണക്കുകളുടെ അടിസ്ഥാനത്തിൽ 2001-2002 മുതൽ 2003-2004 വരെ വിവിധ ഏജൻസികളിൽ നിന്നും വായ്പ എടുത്തിട്ടുള്ളത് ഇപ്രകാരമാണ്:

	വായ്പ തുക (രൂപ കോടിയിൽ)	*ആവശ്യം*
എൽ.ഐ.സി.	1225.92	ഭവന നിർമ്മാണം
ജി.ഐ.സി.	105.90	ഭവന നിർമ്മാണം/അഗ്നിശമന ഉപകരണങ്ങൾ വാങ്ങുന്നതിന്
നബാർഡ്	397.34	ഗ്രാമീണ അടിസ്ഥാന വികസനം
എൻ.സി.ഡി.സി.	195.37	സഹകരണ മേഖലയ്ക്കുവേണ്ടി
മാർക്കറ്റ് ലോണുകൾ	4133.98	വികസന പ്രവർത്തനത്തിനും, ഡെപ്റ്റ് സ്വാപ്പിനും
കേന്ദ്ര സർക്കാരിൽ നിന്നുള്ള മുൻകൂറുകളും വായ്പകളും	2941.73	പദ്ധതി നടത്തിപ്പിന്.

(ബി) ഇല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുള്ള ഗ്യാരന്റിയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly